# ഈമാൻ: നിർഭയത്വത്തിന്റെ സ്രോതസ്സ്

കബീർ എം. പറളി

ഉൽകൃഷ്ടമായ ആദർശമാണ് ഇസ്‌ലാമിന്റേത്. ആ ആദർശം നെഞ്ചേറ്റിയവരാണ് മനുഷ്യരിലെ ഉൽകൃഷ്ടർ. വിശുദ്ധ ഖുർആൻ സൂറത്തു ആലുഇംറാനിൽ (ആയത്ത് 110) അത് വ്യക്തമാക്കിയിട്ടുണ്ട്. നന്മയുപദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്ന മഹത്തായ ദൗത്യം നിർവഹിക്കുന്നു എന്നതാണ് ആ ഉൽകൃഷ്ട സമൂഹത്തിന്റെ പ്രത്യേകത. ലോകത്ത് സഹജീവികൾക്ക് കൈമാറാനുള്ള ഏറ്റവും നല്ല നന്മ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ദൈവിക ആദർശമാണ്. മനുഷ്യരിൽ നിന്ന് വിപാടനം ചെയ്യേണ്ട ഏറ്റവും മോശമായ തിന്മ ശിർക്കാണ്. അഥവാ പ്രപഞ്ച സ്രഷ്ടാവിന്നു പുറമെ ആരാധ്യന്മാരെ പ്രാർഥനാ വഴിപാടുകൾക്കായി സ്വീകരിക്കുക എന്നത്.

അല്ലാഹുവിനെ റബ്ബായും അവനെ മാത്രം യഥാർഥ ഇലാഹായും ഉൾക്കൊണ്ട്, എല്ലാ രംഗത്തും സൂക്ഷ്മത പാലിച്ച് ജീവിക്കുന്നവർക്ക് ജീവിതത്തിൽ ആത്യന്തികമായി ഗുണമേ ഭവിക്കുകയുള്ളൂ. സ്വസ്ഥതയും സമാധാനവും കാംക്ഷിക്കുന്ന ആർക്കും ഇസ്‌ലാമിന്റെ ശാദ്വല ഭൂമിയിൽ തണൽ ലഭിക്കുമെന്നതിൽ സംശയം വേണ്ടതില്ല. ഹൃദയത്തിൽ ഈമാൻ രൂഢമൂലമാകുന്നതോടെ വിശ്വാസിക്ക് കൈവരുന്ന നേട്ടമാണ് നിർഭയത്വം എന്നത്. അഥവാ വിശ്വാസത്തിനും (ഈമാൻ) നിർഭയത്വത്തിനും (അംന്) തമ്മിൽ മുറിക്കാനാകാത്ത ബന്ധമുണ്ടെന്നർഥം.

ദുനിയാവു മുഴുവൻ കൈപിടിയിലായതിന് തുല്യമാണ് മൂന്നനുഗ്രഹങ്ങൾ അനുഭവിക്കുന്ന ഒരു വ്യക്തിയുടെ ജീവിതമെന്ന് നബി(സ്വ) അരുളിയിട്ടുണ്ട്. ഉബൈദുല്ലാഹിബ്നു മുഹ്സിൻ(റ) നിവേദനം. പ്രവാചകനരുളി: ''താമസ സ്ഥലത്ത് നിർഭയത്വവും, ശരീരത്തിന് സൗഖ്യവും, ഒരു ദിവസത്തെ ഭക്ഷണവും ഉള്ള നിലയിൽ പ്രഭാതത്തിലെഴുന്നേൽക്കുന്നവൻ ദുനിയാവു മുഴുവൻ കൈവന്നു കിട്ടിയവനെപ്പോലെയാണ്.'' (തിർമിദി) സുഗമമായ ജീവിതത്തിനുതകുന്ന നിർഭയത്വമെന്നത് പടച്ചവനിൽ നിന്ന് ലഭിക്കുന്ന മഹാ അനുഗ്രഹം തന്നെയാണ്. മഹാനായ ഇബ്‌റാഹീം നബി (അ)യുടെ പ്രാർഥന നമുക്ക് സുപരിചിതമാണ്.

''എന്റെ രക്ഷിതാവേ, നീ ഇതൊരു നിർഭയമായ നാടാക്കുകയും ഇവിടത്തെ താമസക്കാരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ എന്ന് ഇബ്രാഹീം പ്രാർത്ഥിച്ച സന്ദർഭവും (ഓർക്കുക).'' (അൽബഖറ: 126)

സുഭിക്ഷമായി ഭക്ഷിക്കാനുള്ള കായ്കനികളുണ്ടാവുക എന്നതിനും മുമ്പ്, അവ സമാധാനപൂർവം അനുഭവിക്കാനുള്ള നിർഭയ സാഹചര്യമുണ്ടാവുക എന്നതാണ് മുഖ്യം. ഇബ്‌റാഹീം നബിയുടെ പ്രാർഥന ശ്രദ്ധിക്കുക, അതിന്റെ പ്രഥമ ഭാഗം നിർഭയാന്തരീക്ഷത്തിനുവേണ്ടിയുള്ള തേട്ടമാണ്! സ്വന്തത്തിനും സ്വത്തിനും ജീവിതത്തിന് പൊതുവിലും സുരക്ഷിതത്വം ലഭിക്കാത്ത അവസ്ഥ മനുഷ്യന് അസഹ്യമാണ്. സ്വസ്ഥമായൊന്നുറങ്ങാനൊ, മനസ്സറിഞ്ഞൊന്ന് പുഞ്ചിരിക്കാനൊ, കുടിക്കുന്ന വെള്ളത്തിന്റെ പോലും അനുഭൂതി ആസ്വദിക്കാനൊ ഭയചകിത ചുറ്റുപാടിൽ കഴിഞ്ഞു കൂടുന്ന ഒരാൾക്കും സാധ്യമല്ല. വല്ലാത്തൊരവസ്ഥയാണത്.

മുഅ്മിനുകളെ സംബന്ധിച്ചിടത്തോളം അവരിലെ ഈമാൻ അവരിലുണ്ടാക്കുന്ന മഹൽഗുണം നിർഭയത്വത്തോടെ ജീവിക്കാനുള്ള തന്റേടമാണ്. ശരിയായ ഈമാനില്ലാത്ത മനസ്സുകളിൽ അരക്ഷിതത്വം കുടിയേറി വാഴുമെന്നതാണ് സത്യം. അതോടെ ജീവിതം ദുരിതപൂർണ്ണമാവുകയായി. തിന്നാനും കുടിക്കാനും ഏറെയുണ്ടായാലും, മണിസൗധങ്ങളും മലർമെത്തകളും വസിക്കാനായുണ്ടായാലും, തലമുറകളെ പോറ്റാവുന്ന സമ്പത്തിന്റെ ഉടമയായിരുന്നാലും ഫലം നാസ്തിയാണ്.

അല്ലാഹുവിന്റെ അസ്ഥിത്വത്തെ അംഗീകരിക്കുക. അടിമയെന്ന നിലക്ക് അവന്ന് നൽകേണ്ടതായ ഇബാദത്ത്, അഥവാ ആരാധനകൾ അവന്നു മാത്രമായി നൽകുക. പ്രപഞ്ചനാഥന്റെ

ചെറുതും വലുതുമായ അനുഗ്രങ്ങളെ തിരിച്ചറിഞ്ഞ് നന്ദികാട്ടുക. ഉയരും തോറും വിനയപ്പെട്ടും, അഹങ്കാരത്തെയും ലോകമാന്യത്തേയും അകറ്റി നിർത്തിയും ജീവിക്കുക. ശരിയായ മുവഹിദിന്റെ ധർമ്മങ്ങളാണിവ. ഏത് സമയത്താണൊ നമുക്ക് റബ്ബുമായുള്ള ബന്ധം തകരുന്നത്, തനിക്ക് താനും, തന്റെ സമ്പൽപ്രതാപങ്ങളും തന്നെ ധാരാളം എന്ന ചിന്തയിലമരുന്നത്, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ മറന്നു കളയുന്ന അവസ്ഥയിലകപ്പെടുന്നത് ആ സമയം മുതൽ ഭയഭരിതമായ ഒരു ജീവിതത്തിലേക്കാണ് നാം കാലൂന്നത്. ഇത് വ്യക്തികൾക്കു മാത്രമല്ല ഒരു രാഷ്ട്രസമൂഹത്തിനു തന്നെയും സംഭവിക്കാം. ഗതകാല സമൂഹത്തെ ഉദാഹരിച്ച് കൊണ്ട് അല്ലാഹു പറഞ്ഞു:

''അല്ലാഹു ഒരു രാജ്യത്തെ ഉപമയായി എടുത്തുകാണിക്കുകയാകുന്നു. അത് സുരക്ഷിതവും ശാന്തവുമായിരുന്നു. അതിലെ ആവശ്യത്തിനുള്ള ഭക്ഷണം എല്ലായിടത്തുനിന്നും സമൃദ്ധമായി അവിടെ എത്തിക്കൊണ്ടിരിക്കും. എന്നിട്ട് ആ രാജ്യം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിച്ചു. അപ്പോൾ അവർ പ്രവർത്തിച്ച് കൊണ്ടിരുന്നത് നിമിത്തം വിശപ്പിന്റെയും ഭയത്തിന്റെയും ഉടുപ്പ് അല്ലാഹു ആ രാജ്യത്തിന് അനുഭവിക്കുമാറാക്കി.'' (നഹ്ൽ: 112)

ശുദ്ധ മുശ്‌രിക്കുകളായിരുന്ന ഖുറൈശികളോട് തന്നെമാത്രം ആരാധിക്കാനായി ഉപദേശിക്കുന്ന അല്ലാഹു, അവർക്ക് നൽകിയ മഹത്തായ അനുഗ്രഹങ്ങൾ എടുത്തു പറയുന്നുണ്ട്. അവയിൽ ഒന്ന് നിർഭയത്വമാണ്. അല്ലാഹു പറയുന്നു:

''ഈ ഭവനത്തിന്റെ രക്ഷിതാവിനെ അവർ ആരാധിച്ചുകൊള്ളട്ടെ. അതായത് അവർക്ക് വിശപ്പിന്ന് ആഹാരം നൽകുകയും, ഭയത്തിന് പകരം നിർഭയത്വം നൽകുകയും ചെയ്തവനെ.'' (ഖുറൈശ്: 3, 4)

യഥാർഥ മുവഹ്ഹിദുകൾക്കാണ് അല്ലാഹുവിൽ നിന്നുള്ള സമാധാനം ലഭിക്കാനാകുന്നുന്നത്. പടച്ചു പരിപാലിക്കുന്ന റബ്ബിൽ സകലതും സമർപ്പിക്കുമ്പോഴുണ്ടാകുന്ന അനുഭൂതിയാണത്. ചുറ്റുപാടും അരാജകത്വം കൊടികുത്തിവാണാലും, നിത്യജീവിതത്തിൽ പരീക്ഷണങ്ങൾ പ്രക്ഷോഭങ്ങളുണ്ടാക്കിയാലും, പ്രതിസന്ധികൾ വാളുയർത്തി നിലകൊണ്ടാലും, മാനുഷിക ചാപല്യത്താൽ ഒന്ന് കിടുങ്ങുമായിരിക്കാം. പക്ഷെ, ആത്യന്തികമായി അല്ലാഹുവിൽ നിന്നുള്ള പരിരക്ഷയിൽ ഏതൊരു മുവഹിദും സമാധാനത്തിലായിരിക്കും. എന്നാൽ ഒരു ദൈവത്തെ വിട്ട് മറ്റൊരു ദൈവത്തിലേക്ക് എന്ന നിലയിൽ ഓടിക്കൊണ്ടിരിക്കുന്ന ബഹുദൈവാരാധകർക്ക് ഈ നിർഭയത്വവും മനഃസമാധാനവും ലഭിക്കുക സാധ്യമല്ല. ഏകദൈവാരാധകരായ മുഅ്മിനുകളെ സംബന്ധിച്ച് വിശദീകരിക്കവെ അല്ലാഹു പറഞ്ഞു:

''വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ.'' (അൻആം: 82)

ആയത്തിൽ പ്രസ്താവിക്കപ്പെട്ട അന്യായം കൊണ്ടുള്ള ഉദ്ദേശ്യം ശിർക്കാകുന്നു എന്ന് നബി തിരുമേനി(സ്വ) വിശദീകരിച്ചിട്ടുണ്ട്. മഹാനായ ലുഖ്മാനുൽ ഹകീം തന്റെ മകന്നു നൽകുന്ന മഹത്തായ ഉപദേശം ഉദ്ധരിച്ചു കൊണ്ടാണ് നബി(സ്വ) അന്യായമെന്നാൽ ശിർക്കാകുന്നു എന്ന് പഠിപ്പിച്ചത്.

''ലുഖ്മാൻ തന്റെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അന്യായം തന്നെയാകുന്നു.'' (ലുക്മാൻ: 13)

ശരിയായ മുവഹിദാവുക എന്നതാണ് ഏതൊരാൾക്കും കരണീയം. ഈ ദുനിയാവിലും നാളെ പരലോകത്തും ഭയരഹിതമായ, ഔന്നിത്യം നിറഞ്ഞ ജീവിതത്തിന് അതുമാത്രമേ ഉപകരിക്കുകയുള്ളൂ. ഏകദൈവാരാധകർക്ക് അവരുടെ മരണവേളയിൽ പോലും നിർഭയത്വത്തെ സംബന്ധിച്ച ആശ്വാസ വചനം നൽകാൻ പടച്ചതമ്പുരാൻ ഏർപ്പാടുണ്ടാക്കിയിട്ടുണ്ട് എന്നതാണ് വാസ്തവം. ഖുർആനിൽ നിന്ന് വായിക്കുക:

''ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട നിങ്ങൾക്ക്

വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക.'' (ഫുസ്സിലത്ത്: 30)

പകലിൽ പേടികുറയും, ശക്തമായ, കെട്ടുപോകാത്ത വെളിച്ചമുണ്ടെങ്കിൽ രാത്രിയിലെ യാത്രയും സുഗമമാകും. രാപകലുകളിൽ പ്രഭചൊരിഞ്ഞ് നിലകൊള്ളുന്ന ഒരു വിളക്ക് തങ്ങളുടെ കൈവശമുണ്ടെന്നതാണ് വിശ്വാസികളുടെ ആശ്വാസം. അല്ലാഹുവിന്റെ ഖുർആനും തിരുമേനി (സ്വ)യുടെ സുന്നത്തുമാണത്; രണ്ടും തികഞ്ഞ പ്രകാശം. ഖുർആനിനെപ്പറ്റി അല്ലാഹു പറഞ്ഞു: ''നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു.'' (മാഇദ: 15) നബി തിരുമേനി(സ്വ) അവിടുത്തെ സുന്നത്തിനെപ്പറ്റി വ്യക്തമാക്കി: ഇർബാദ് ബ്നു സാരിയ(റ) നിവേദനം. നബി(സ്വ) അരുളി: ''നിങ്ങളെ ഞാൻ വെളുത്തു തെളിഞ്ഞ മാർഗത്തിലാക്കിയാണ് പോകുന്നത്, അതിന്റെ രാവും പകൽപോലെ പ്രകാശമാനമായിരിക്കും. നശിച്ചവൻ മാത്രമാണ് അതിൽ നിന്ന് തെറ്റിജീവിക്കുക.'' (ഇബ്നുമാജ, അൽബാനി സ്വഹീഹാക്കിയത്).

നിർഭയ ജീവിതത്തിന് അന്തരീക്ഷമൊരുക്കുന്നത് ഖുർആനും സുന്നത്തുമാണ്. അവയിൽ നിന്നാണ് ശരിയായ വിശ്വാസം നമുക്ക് ലഭിക്കുന്നത്. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് വിശ്വസിക്കുകയും, അതിന്ന് വിരുദ്ധമായ നിലപാടുകളുമായി ജീവിക്കുകയുമാണ് എങ്കിൽ പടച്ചവനിൽ നിന്നുള്ള സഹായങ്ങൾ വന്നു കിട്ടുകയില്ല.

നമുക്കിടയിൽ ദർഗകളിലൂടെ ഓട്ടപ്രതിക്ഷിണം നടത്തുന്ന 'മുവഹിദു'കളുണ്ട്. മരിച്ചവരുടെ ഖബറുകളിലഭയം തേടി മടുത്തവർ, തങ്ങന്മാരുടേയും ബീവിമാരുടേയും പിറകെയായിരുന്നു. നാട്ടുകല്ലിലെ കൽകഷ്ണത്തിനു മുന്നിലും, പുത്തിരിപ്പാടത്തെ വള്ളിപ്പടർപ്പിനു മുന്നിലും അവരുടെ നീണ്ടനിര ഇന്നും നാം കാണുന്നു. എന്നിട്ടും അസ്വാസ്ഥതകൾ തന്നെയാണ് അവരുടെ ജീവിതത്തിൽ ബാക്കി. ഇരുണ്ട, ഭയം നിറഞ്ഞ, പ്രതീക്ഷയറ്റ ജീവിതാന്തരീക്ഷത്തിൽ അല്ലാഹുവിന്റെ അറ്റുപോകാത്ത ആശ്രയത്തിലേക്ക് കയ്യും കണ്ണുമുയർത്താൻ തൗഫീഖ് ലഭിച്ചിട്ടില്ലാത്ത ഇത്തരം 'മുവഹിദു'കളെപ്പറ്റി നാമെന്തുപറയാൻ?! ആ തൗഫിഖിന്റെ മഹത്വം പറഞ്ഞു കൊടുക്കേണ്ട വഴികാട്ടികൾ, ഒരു വലിയ സമൂഹത്തിന്റെ പ്രതിനിധികൾ ആത്മീയ വാണിഭത്തിന്റെ പുതിയ പ്ലാനുകളിലും പദ്ധതികളിലും മുഴുകിയിരിക്കുകയാണ്. ആൾദൈവങ്ങൾക്കും, ഖബർ ദൈവങ്ങൾക്കും, കൽദൈവങ്ങൾക്കും, വള്ളിദൈവങ്ങൾക്കുമിടയിൽ ഇനിയൊരു 'മുടിദൈവ'ത്തെക്കൂടി പ്രതിഷ്ഠിക്കാനുള്ള ധനശേഖരണത്തിലാണ് അവർ! സ്വസ്ഥതയും, മനസ്സമാധാനവുമുള്ള ഒരു സമൂഹത്തെയല്ല അവർക്കു വേണ്ടത്; എന്നും പ്രയാസങ്ങളും, പ്രാരാബ്ധങ്ങളും, ആഗ്രഹങ്ങളും പറഞ്ഞ് വേവലാതിപ്പെടുന്ന ഒരു അരക്ഷിത സമൂഹത്തെ!! സ്വന്തത്തിന് ഭൗതിക ഗുണം വരണമെന്ന കാംക്ഷയല്ലാതെ, മറ്റൊരു ഗുണകാംക്ഷയും ഈ പണ്ഡിതനേതൃത്വത്തിന്റെ നെഞ്ചകത്തില്ല. മുസ്ലിം സമൂഹമനുഭവിക്കുന്ന മഹാവിപത്താണ് ഈ പണ്ഡിതന്മാർ.

'അറിയുക, അല്ലാഹുവിനെ സ്മരിക്കുന്നത് മുഖേന മാത്രമാണ് ഹൃദയങ്ങൾ സമാധാനമടയുകയുള്ളൂ' എന്ന ഖുർആനിക സന്ദേശം, നരകത്തിലേക്ക് നടന്നടുക്കുന്ന ഈ പാവപ്പെട്ട ഉമ്മത്തിന് പകർന്നു കൊടുക്കാൻ നാഥാ നീയവർക്ക് നാവുകൾ നൽകിയാലും എന്ന് മനസ്സറിഞ്ഞു പ്രാർഥിക്കാനേ, ഈ സന്നിഗ്ദഘട്ടത്തിൽ നമുക്കാകൂ.